ഉത്തരം

(എ ആന്റ് ബി) ഉണ്ട്. സർക്കാരിന്റെ പ്രത്യേക ഉത്തരവ് പ്രകാരം ആയത് പുതുക്കി നൽകാറുണ്ട്. കൂടാതെ ഉദ്യോഗാർത്ഥിക്കോ അടുത്ത ബന്ധുക്കൾക്കോ ഉണ്ടായ രോഗം, അടുത്ത ബന്ധുക്കളുടെ മരണം, പ്രകൃതി ക്ഷോഭം, തീപിടുത്തം, കരുതൽ തടങ്കൽ, നിശാനിയമം പ്രഖ്യാപിക്കൽ, ആഭ്യന്തര കലാപം തുടങ്ങിയ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്/ തഹസിൽദാരുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ പുതുക്കി നൽകാറുണ്ട്.

(സി) 27-7-2001-ലെ സർക്കാർ ഉത്തരവ് പ്രകാരം 1-1-1990 മുതൽ 31-12-2000 വരെയും, 22-7-2003-ലെ ഉത്തരവു പ്രകാരം 1-1-1995 മുതൽ 31-12-2003 വരെയും റദ്ദായ രജിസ്ട്രേഷൻ പുനഃസ്ഥാപിക്കുന്നതിന് സ്പെഷ്യൽ റിന്യൂവലിന് അവസരം നൽകിയിരുന്നു. ഇക്കാര്യത്തിന് പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ വളരെയധികം പ്രചാരണവും നടത്തിയിരുന്നു. അതുകൊണ്ട് തന്നെ ബഹുഭൂരിപക്ഷം ആളുകളും അവരുടെ റദ്ദായ സീനിയോറിറ്റി പുനഃസ്ഥാപിച്ചിട്ടുമുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗ തൊഴിൽരഹിതർ

51 [2823] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗരായ തൊഴിൽരഹിതരുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം വികലാംഗരായ എത്ര ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിലും വിവിധ വകുപ്പുകളിലും ജോലി നൽകി എന്ന് അറിയിക്കാമോ;

(സി) പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉന്നത സാങ്കേതിക പരിജ്ഞാനവും യോഗ്യതയുമുള്ള വികലാംഗരായ ഉദ്യോഗാർത്ഥികളുടെ വിവിധ ജില്ലകളിലെ കണക്ക് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 7875 |
| കൊല്ലം | - | 4892 |
| ആലപ്പുഴ | - | 2880 |
| പത്തനംതിട്ട | - | 1870 |
| കോട്ടയം | - | 2693 |
| ഇടുക്കി | - | 1257 |
| എറണാകുളം | - | 5124 |
| തൃശ്ശൂർ | - | 3503 |
| പാലക്കാട് | - | 3890 |
| മലപ്പുറം | - | 3957 |
| കോഴിക്കോട് | - | 3495 |
| വയനാട് | - | 881 |
| കണ്ണൂർ | - | 2734 |
| കാസർഗോഡ് | - | 1460 |

(ബി) 2961 പേർക്ക്.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മേഖലാ തലത്തിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വികലാംഗ ഉദ്യോഗാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 222 |
| എറണാകുളം | - | 126 |
| കോഴിക്കോട് | - | 127 |
| ആകെ | - | 475 |

LIBRARY ARCHIVES Kerala Legislative Assembly